# അനുസ്മരണം

## സി. ഹസൻ മാസ്റ്റർ



**ജ.ഇ** അംഗവും കുഴിപ്പുറം പ്രാദേശിക ജമാഅത്ത് ഖജാഞ്ചിയുമായിരുന്നു സി. ഹസൻ മാസ്റ്റർ(66). തിരൂർക്കാട്, മലപ്പുറം, ഒതുക്കുങ്ങൽ, വേങ്ങര എന്നിവിടങ്ങളിൽ ജോലി ചെയ്ത് 1999-ൽ വിരമിച്ചു. തിരൂർക്കാട് ഹൈസ്കൂളിൽ പഠിപ്പിക്കുമ്പോഴാണ് ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടത്. ഒതുക്കുങ്ങൽ ഗവ. ഹൈസ്കൂളിൽ അധ്യാപകനായിരിക്കുമ്പോൾ സ്കൂൾ പരിസരത്ത് ഒരു പള്ളി നിർമിക്കാൻ മുൻകൈയെടുത്തു. ദീനീനിഷ്ഠയിൽ മുൻപന്തിയിലായിരുന്നു. കുടുംബത്തെയും പ്രസ്ഥാനത്തിന്റെ ഭാഗമാക്കാൻ ശ്രദ്ധിച്ചു.

**സി. കോയാമു കുഴിപ്പുറം**

## അബ്ദുൽ അസീസ് പൈക്കാരത്തൊടി

**ജിദ്ദയിലെ** അമ്മാരിയ ഹൽഖയിലെ പ്രവർത്തകനായിരുന്നു അബ്ദുൽ അസീസ് പൈക്കാരത്തൊടി(48). പരന്ന വായനയിലൂടെയാണ് പഴയ നക്സൽ പ്രവർത്തകനായ അദ്ദേഹം ഇസ്‌ലാമിക പ്രസ്ഥനത്തിലെത്തുന്നത്. തമർ മെഡിക്കൽ കമ്പനിയിൽ ജോലി ചെയ്തു വരികയായിരുന്ന അദ്ദേഹം മൂന്ന് മാസം മുമ്പാണ് നാട്ടിലേക്ക് തിരിച്ചത്. ആമിനയാണ് ഭാര്യ. മുഹമ്മദ് ഫാസിൽ, മുഹമ്മദ് ഫനാസ്, ഫുസ്സിലത് ഹിബ മക്കൾ.

**അബ്ദുൽ അസീസ് കള്ളിയത്ത് ജിദ്ദ**

അല്ലാഹു പരേതർക്ക് മർഹമത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.